(ഡി) എങ്കിൽ അത്തരം നിയമങ്ങൾ ഭേദഗതി വരുത്തി എം.എസ്.പി. ബറ്റാലിയനിലെ എ.പി.എസ്.ഐ മാർക്ക് 9/99 മുതലുള്ള പുതുക്കിയ നിരക്കിലുള്ള പ്രതിമാസ യാത്രാബത്ത അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇപ്രകാരം യാത്രാ ബത്ത കുറച്ചുകൊണ്ടുള്ള നിയമങ്ങളോ ചട്ടങ്ങളോ നിലവിലില്ലായെങ്കിൽ മാനദണ്ഡം ലംഘിച്ച് എം.എസ്.പി. ബറ്റാലിയനിലെ എ.പി.എസ്.ഐ. മാർക്ക് മാത്രം യാത്രാ ബത്തയിൽ കുറവു വരുത്തുവാൻ കാരണമെന്തെന്ന് പറയുമോ;

(എഫ്) കെ.എസ്.ആറും ശമ്പളകമ്മീഷൻ ഉത്തരവുകളും അനുസരിച്ചുള്ള പ്രതിമാസ യാത്രാബത്ത 9/99 മുതൽ എം.എസ്.പി. ബറ്റാലിയനിലെ എ.പി.എസ്.ഐ.മാർക്കും അനുവദിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

58 (76) പോലീസുകാർക്ക് ചികിൽസാസഹായം

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ജോലി ചെയ്തുകൊണ്ടിരിക്കെ അപകടം സംഭവിച്ചു പരിക്കുപറ്റിയ പോലീസുകാർക്ക് ചികിത്സയിനത്തിൽ എത്ര രൂപ വരെ അനുവദിക്കും;

(ബി) നിലവിൽ ഇത്തരത്തിൽ അപകടത്തിൽ പരിക്കുപറ്റിയ ഏതെങ്കിലും പോലീസുകാരനു അർഹതപ്പെട്ട ചികിത്സാസഹായം ലഭിച്ചില്ല എന്നതിന്റെ പേരിൽ ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എറണാകുളം സിറ്റി-പള്ളുരുത്തി സബ് സ്റ്റേഷനിൽ ജോലിചെയ്യുന്ന ഗോപാലകൃഷ്ണൻ എന്ന കോൺസ്റ്റബിളിന് ഈ ഇനത്തിൽ ചികിത്സാസഹായം ലഭ്യമായിട്ടില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 25.11. 1998-ലെ ശമ്പള പരിഷ്കരണ ഉത്തരവിലെ (ജി.ഒ.(പി) 2000/98/ഫിൻ.) 28-ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നപ്രകാരമാണ് അപകടം സംഭവിച്ച് പരിക്കുപറ്റുന്ന പോലീസുകാർക്ക് എക്സ്ഗ്രേഷ്യ അനുവദിക്കുന്നത്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

59 (77) എ.എസ്.പി., സി.ഐ. എന്നിവരെ സംബന്ധിച്ച പരാതി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം എ.എസ്.പി. ആയിരുന്ന മഹിപാൽ യാദവ്, സി.ഐ. രാജേന്ദ്രൻ എന്നിവരുടെ ഔദ്യോഗിക പ്രവർത്തനങ്ങളിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് എത്ര പരാതികളാണ് ഇതുവരെ കിട്ടിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly